# വിശ്വാസിയുടെ സ്വഭാവ മഹിമകൾ

عَنْ عَبْدِ اللَّهِ ابْنِ عَمْرٍ قَالَ: قِيلَ لِرَسُولِ اللَّهِ ﷺ. أَيُّ النَّاسِ أَفْضَلُ؟ قَالَ: كُلُّ مَخْمُومِ الْقَلْبِ صَدُوقِ اللِّسَانِ قَالُو: صَدُوقُ اللِّسَانِ نَعْرِفُهُ فَمَا مَخْمُومُ الْقَلْبِ؟ قَالَ: التَّقِيُّ النَّقِيُّ لاَ إِثْمَ فِيهِ وَلاَ بَغْيَ وَلاَ غِلَّ وَلاَ حَسَدَ (ابْنُ مَاجَة)

അബ്ദുല്ലാഹിബ്നു അംറ്(റ)ൽനിന്ന് നിവേദനം: മഹത്വമുള്ളവർ ആരാണെന്ന ചോദ്യത്തിനുത്തരമായി, അല്ലാഹുവിന്റെ ദൂതർ ഇങ്ങനെ പറഞ്ഞു: "ആരുടെ നാവാണോ നേരുച്ചരിക്കുന്നത്, ആരുടെ ഹൃദയമാണോ വെടിപ്പും വൃത്തിയുമുള്ളതായിരിക്കുന്നത് അവർ." ഇത് കേട്ടപ്പോൾ ചിലർ ചോദിച്ചു. "നേരുച്ചരിക്കുന്ന നാവ് ഏതെന്ന് ഞങ്ങൾക്കറിയാം. എന്നാൽ, റസൂലേ വെടിപ്പും വൃത്തിയുമുള്ള ഹൃദയം എന്ന് പറഞ്ഞാലെന്താണ്?" അപ്പോൾ നബി(സ) പറഞ്ഞു: "അല്ലാഹുവിനെ ഭയപ്പെടുന്ന ഹൃദയം. അതിൽ ഒരു തിന്മയും കടക്കുകയില്ല. അത് പാപമുക്തമാണ്. അനുസരണമില്ലായ്മയോ, പകയോ അസൂയയോ അതിനെ സ്പർശിക്കുകയില്ല" (ഇബ്നുമാജ).

മനസ്സിന്റെ നന്മയാണ് മനുഷ്യന്റെ നന്മ. മനഃസംസ്കരണത്തിന് ഇസ്‌ലാം വലിയ പ്രാധാന്യമാണ് നൽകുന്നത്. വിജയ-പരാജയങ്ങളുടെ അടിസ്ഥാന മാനദണ്ഡമായി അതെടുത്ത് പറയുന്നുണ്ട് ഖുർആൻ "ആത്മാവിനെ സംസ്കരിച്ചവൻ വിജയം വരിച്ചു. അതിനെ മലിനമാക്കിയവൻ പരാജയപ്പെട്ടു" (91:9,10).

ശാന്തിയും സമാധാനവുമുള്ള ഒരു മനസ്സിനുടമയാണോ നിങ്ങൾ, എങ്കിൽ ജീവിതം ധന്യമായി. നബി(സ) പറഞ്ഞു: "അറിയുക! ശരീരത്തിൽ ഒരു മാംസപിണ്ഡമുണ്ട്. അത് നന്നായാൽ ശരീരം മുഴുവൻ നന്നായി. അത് ചീത്തയായാൽ ശരീരം മുഴുവൻ ചീത്തയായി. അറിയുക: അതത്രേ ഹൃദയം" (ബുഖാരി).

പക, അസൂയ, അനുസരണക്കേട്, അഹംഭാവം, വെറുപ്പ് തുടങ്ങി മനസ്സിനെ മലിനമാക്കുന്ന മുഴുവൻ ചീത്ത വികാരങ്ങളെയും മനസ്സിൽ പ്രവേശിക്കാനനുവദിക്കാതെ, മനസ്സിനെ സുരക്ഷിതമാക്കി നിർത്തുക; ദുഃഖിതർക്ക് ആശ്വാസം പകരാനും സന്തപ്ത ഹൃദയങ്ങൾക്ക് കുളിരേകാനും അപ്പോൾ നിങ്ങൾക്ക് കഴിയും. ആരെക്കുറിച്ചും തെറ്റായി ഒന്നും തന്നെ നിങ്ങൾ വിചാരിക്കുന്നില്ല. ആരോടും പകയോ അസൂയയോ പുലർത്തുന്നുമില്ല. സകലരേയും അല്ലാഹുവിന്റെ അടിമകളായാണ് കാണുന്നത്. സ്നേഹത്തോടും കാരുണ്യത്തോടും കൂടി മാത്രമേ, അപ്പോൾ ആരോടും വർത്തിക്കാനാകൂ. ഈ തിരിച്ചറിവ് നേടുന്നതോടെ സകലരും സന്തുഷ്ടരായിരിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു.

സകലർക്കും സന്തുഷ്ടി നൽകുന്നതും അല്ലാഹുവാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നു. കഷ്ടപ്പെടുന്നവരോടും ദുഃഖിതരോടും കരുണ കാട്ടാൻ കടപ്പെട്ടവരാണ് ഓരോരുത്തരും. അവരുടെ ബുദ്ധിമുട്ടുകൾ നീക്കിക്കൊടുക്കാനും പാപം പൊറുത്ത് കൊടുക്കാനും അല്ലാഹുവോട് പ്രാർഥിക്കേണ്ടിവരും. അല്ലാഹുവിന്റെ ദൂതരുടെ പ്രാർഥന ഇപ്രകാരമായിരുന്നു: "അല്ലാഹുവേ! നീ മാപ്പ് നൽകുന്നുവെങ്കിൽ, സൃഷ്ടികളുടെയെല്ലാം പാപം പൊറുത്ത് കൊടുക്കേണമേ! നിന്റെ അടിമകളിൽ ഒരാളെയും ദുരിതത്തിലാക്കരുതേ."

മനസ്സ് രോഗാതുരമായാൽ കർമങ്ങളഖിലം കളങ്കമുള്ളതായി മാറും. ശാന്തി നിറഞ്ഞ ഹൃദയത്തിനുടമകളായവരുടെ ഏത് നിസ്സാര പ്രവർത്തനവും, മഹത്വമുള്ളതായിരിക്കും. മറ്റുള്ളവരിൽ വലിയ പ്രതിഫലനങ്ങൾ സൃഷ്ടിക്കാൻ അത് മുഖേന അവർക്ക് കഴിയുന്നതുമാണ്.

ഇക്കൂട്ടത്തിൽ ഗുരുതരമായ രണ്ട് മനോരോഗങ്ങളാണ് പകയും കണ്ണ്കടിയും. സത്യവിശ്വാസത്തെയാണത് നശിപ്പിക്കുക. ഓട്ടപാത്രത്തിൽനിന്ന് വെള്ളമെന്ന പോലെ അസൂയ ബാധിച്ച ഹൃദയത്തിൽനിന്ന് സത്യവിശ്വാസം ചോർന്ന് പോകും. 'തീ വിറകിനെയെന്നവണ്ണം അസൂയ സൽകർമങ്ങളെയഖിലം നശിപ്പിക്കും' എന്ന് നബി(സ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

പരസ്പര സ്നേഹം, സൗഹാർദം, കരുണ, സാഹോദര്യം മുതലായവയുടെ അടിസ്ഥാനത്തിൽ രൂപംകൊള്ളുന്ന സമൂഹമാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നത്. നല്ല കാര്യത്തിൽ അന്യോന്യം സഹകരിക്കുന്നവരായിരിക്കും ആ സമൂഹത്തിലെ മുഴുവൻ അംഗങ്ങളും. ആരോടും അസൂയയോ പകയോ വെച്ചുപുലർത്തുകയില്ല. അവരുടെ പ്രാർഥന ഇങ്ങനെയായിരിക്കും:

"ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് മാപ്പ് തരേണമേ! ഞങ്ങൾക്ക് മുമ്പേ സത്യവിശ്വാസികളായിരുന്ന സഹോദരന്മാർക്കും മാപ്പ് നൽകേണമേ. വിശ്വസിച്ചവരുടെ നേരെ ഒരു വിദ്വേഷവും ഞങ്ങളുടെ ഹൃദയത്തിൽ അവശേഷിക്കാൻ ഇടവരുത്തരുതേ. നിശ്ചയം, നീ അങ്ങേയറ്റത്തെ കൃപയും കാരുണ്യവുമുടയവനല്ലോ. (ഖുർആൻ 59:10). ■